# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 09/02/2020

## ഏഞ്ചൽ അഥവാ മാലാഖ

(കുട്ടികൾക്ക് എതിരായുള്ള ലൈംഗിക അതിക്രമത്തിന് അറുതി വരുത്തുവാനുള്ള കൊല്ലം സിറ്റി പോലീസിന്റെ പദ്ധതി.)

### മണൽ ശില്പം :



ബീച്ചിൽ കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമണത്തിന് അറുതി വരുത്താനുള്ള ബോധവൽക്കരണ മണൽ ശില്പം കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ. നാരായണൻ റി. ഐപിഎസ് നോക്കികാണുന്നു

കൊല്ലം സിറ്റി പോലീസ് നടപ്പിലാക്കി വരുന്ന **ഏഞ്ചൽ അഥവാ മാലാഖ** പദ്ധതിയുടെ ഭാഗമായി 09.02.2020ന് കൊല്ലം ബീച്ചിൽ കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമണത്തിന് അറുതി വരുത്താനുള്ള ബോധവൽക്കരണ മണൽ ശില്പം ഒരുക്കി. സ്നേഹവും, പരിലാളനവും കൊണ്ട് ആഹ്ലാദഭരിതമായ ഒരു കുട്ടിക്കാലം ഏതൊരു കുട്ടിയുടെയും അവകാശമാണെന്ന ബോധവും കുട്ടികളുടെ സുരക്ഷിതത്വവും വികാസവും ഓരോ വ്യക്തിയുടെ കടമയാണെന്ന കർമ്മവും ഓർമ്മപ്പെടുത്തുന്ന മണൽ ശില്പമാണ് ശില്പി രാജേന്ദ്രപ്രസാദും, പോലീസ് കലാകാരൻമാരും ചേർന്ന് നിർമ്മിച്ചത്. കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്ന കറുത്ത കരങ്ങളിൽ വിലങ്ങണിയിക്കുന്ന പോലീസിന്റെ ഉത്തരവാദിത്വം വിളിച്ചോതുന്ന മണൽ ശില്പം കാണികൾക്ക് കൗതുകമായി. മൂന്നു മാസം നീണ്ടു നിൽക്കുന്നതും, സംസ്ഥാനവ്യാപകമായതുമായ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായാണ് കൊല്ലം സിറ്റിയിലും ഈ പദ്ധതിക്ക് കഴിഞ്ഞയാഴ്ച തുടക്കമിട്ടത്



മണൽ ശില്പമാണ് ശില്പി രാജേന്ദ്രപ്രസാദിന് സിറ്റി പോലീസ് കമ്മീഷണർ സ്നേഹോപഹാരം നൽകുന്നു.

അന്ധത ബാധിച്ച മനസ്സുകളിലേക്ക് വെളിച്ചം പകരുക എന്ന സന്ദേശം ഉൾക്കൊണ്ട് സമൂഹത്തിലെ വിവിധ മേഖലയിലുള്ള പെൺകുട്ടികൾ മെഴുകുതിരി തെളിയിച്ചാണ് ഈ പദ്ധതിക്ക് കൊല്ലം സിറ്റി പോലീസിന്റെ ആഭിമുഖ്യത്തിൽ തുടക്കമിട്ടത്. ഈ പദ്ധതിയോടനുബന്ധിച്ച് 'വാവാ എക്സ്പ്രസ്' എന്ന ബോധവൽക്കരണ വാഹനം കൊല്ലം സിറ്റി പോലീസിന്റെ പരിധിയിൽ നാടകവും, ഫ്ളാഷ് മോബ് എന്നീ പരിപാടികളുമായി പര്യടനം നടത്തി വരുന്നു.

മണൽശില്പത്തിന്റെ അനാഛാദനകർമ്മം കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ. നാരായണൻ. റ്റി. ഐ.പി.എസ്. നിർവഹിച്ചു. തുടർന്ന് നടന്ന ചടങ്ങിൽ പദ്ധതിയുടെ കൊല്ലം സിറ്റി നോഡൽ ഓഫീസറായ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ശ്രീ. എം. അനിൽ കുമാർ, കൊല്ലം പോലീസ് അസിസ്റ്റന്റ് കമ്മീഷണർ ശ്രീ. എ. പ്രതീപ് കുമാർ, ജില്ലാ ക്രൈം ബ്രാഞ്ച് സബ് ഇൻസ്പെക്ടർമാരായ എച്ച്. ഷാനവാസ്, അനിൽ കുമാർ. കെ. എൻ., ജനമൈത്രി സുരക്ഷാ പദ്ധതിയുടെ അസിസ്റ്റന്റ് നോഡൽ ഓഫീസർ ശ്രീ. സുനിൽ എന്നിവർ സംസാരിച്ചു.

തുടർന്ന് പോലീസ് കലാകാരൻമാർ ബോധവൽക്കരണ നാടകം അവതരിപ്പിച്ചു.